# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മയിൽ നിന്നും

**സർക്കുലർ നമ്പർ 370**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

കർത്താവിൽ വാത്സല്യമുള്ളവരേ,

2020 ജൂൺ മാസം 14–ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുകയായിരുന്നുവല്ലോ. എന്നാൽ കോവിഡ്–19 മൂലം ആരാധന നടക്കാത്ത സാഹചര്യം ഉളവായിരിക്കുന്നതിനാൽ അന്നേ ദിവസം ഇതു സംബന്ധിച്ച ശുശ്രൂഷകൾ ഇടവകകളിൽ നടത്തുവാൻ സാധിക്കാതെ വന്നിരിക്കുന്നു. പരിസ്ഥിതി അവബോധം ഇന്നു സഭയുടെയും ലോകരാഷ്ട്രങ്ങളുടെയും പ്രവർത്തന മേഖലയിലെ മുഖ്യ ചിന്താവിഷയമായി തീർന്നിരിക്കുന്നു. ''ഭൂമിയും, അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു'' എന്ന തിരുവെഴുത്തുകൾക്ക് അനുസൃതമായി, ലോക്ഡൗൺ നിയന്ത്രണങ്ങൾ മാറുമ്പോൾ കർമ്മ പരിപാടികളിൽ കൂടി ഈ അവബോധം സമൂഹത്തിൽ വളർത്തുന്നതിനും നാം ശ്രമിക്കേണ്ടതാണ്.

ജലസ്രോതസ്സുകൾ മലിനീകരിക്കാതെ സൂക്ഷിക്കുന്നതിനും, കുടിവെള്ളം എല്ലാവർക്കും സുലഭമായി ലഭിക്കുന്നതിനും, പള്ളിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും നാം ശ്രദ്ധിക്കുമല്ലോ.

**''പഞ്ചഭൂതങ്ങൾ, ജീവന്റെ പ്രതീകങ്ങൾ''** എന്നതാണ് ചിന്താവിഷയമായി ഈ വർഷം പരിസ്ഥിതി കമ്മീഷൻ സ്വീകരിച്ചിരിക്കുന്നത്. ദൈവത്തിന്റെ ദാനമായ ജീവനെ സംരക്ഷിക്കുന്നതിനു ആവശ്യമായ രക്ഷാകർത്തൃ ബോധവും, കാര്യവിചാരകത്വവും നാം ആർജിച്ചെടുക്കേണ്ടതാണ്. ജലമലിനീകരണം, വായു മലിനീകരണം എന്നിവ പോലെ സാമൂഹിക മാനമുള്ളതാണ് ശബ്ദമലിനീകരണം. ശബ്ദമലിനീകരണം പ്രതിരോധിക്കുന്ന നടപടികളിൽ സഭാ ജനങ്ങളും, ഇടവകകളും ജാഗ്രതയോടുകൂടി പങ്കെടുക്കേണ്ടതുണ്ട്.

സസ്യങ്ങളുടെ ആരോഗ്യപരമായ പരിചരണമാണ് ഈ വർഷത്തെ UN പരിസ്ഥിതി പഠന വിഷയം. പള്ളികളുടെയും, സ്ഥാപനങ്ങളുടെയും, വീടിന്റെയും പരിസരങ്ങളിൽ ചെടികൾ നട്ടുവളർത്തി ഓക്സിജന്റെ അളവു അന്തരീക്ഷത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള ആഹ്വാനമാണിത്. ആഗോളതലത്തിലുള്ള ഈ പരിസ്ഥിതി ദർശനത്തിൽ നമ്മുടെ സജീവ പങ്കാളിത്തം വെളിപ്പെടുത്തേണ്ടതാണ്.

അന്തരീക്ഷത്തിലെ ചൂട് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നാം വിവിധ രീതികളിൽ ആരായേണ്ടതുണ്ട്. ഭൂമി കേന്ദ്രീകൃതമായ ഒരവബോധമാണ് ഇന്നിന്റെ ആവശ്യം. കാലാവസ്ഥാ നീതിബോധം എന്ന ചിന്തയാണിത് ഉയർത്തുന്നത്.

കൊറോണ വൈറസിന്റെ ആഗോളവ്യാപനം അന്തരീക്ഷ– പരിസര– വ്യക്തിഗത സംഗതികളിൽ കൂടുതൽ ജാഗ്രത വളർത്തിയെടുക്കേണ്ടതാണെന്നുള്ള കാര്യവും ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുന്നു. പ്രിയരേ, ദൈവം ദാനമായി എല്ലാവർക്കും നൽകിയിരിക്കുന്ന പ്രകൃതിയിലെ വിഭവങ്ങൾ ഭാവി തലമുറയ്ക്കുവേണ്ടിയും കരുതിവെയ്ക്കുന്നതിനും, സ്ഥായിയായ വികസന പദ്ധതികൾ പ്രേഷിത വേലയുടെ ഭാഗമായി വളർത്തിയെടുക്കുന്നതിനും സഭയുടെ പരിസ്ഥിതി ഞായറാഴ്ച ആചരണം ഇടയായിത്തീരട്ടെ.

''ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ''

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 ജൂൺ മാസം 1–ാം തീയതി,

J mmalabar.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ